## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 5286

15.11.2019-ൽ മറുപടി നൽകേണ്ടിയിരുന്നത്

### നടുവിൽ പോളി ടെക്നിക്കിൽ അധ്യയനം ആരംഭിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | മറുപടി<br>ശ്രീ.കെ.ടി.ജലീൽ<br>( ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുമതി നൽകിയ ഇരിക്കൂർ നിയോജക മണ്ഡലത്തിലെ നടുവിൽ പോളി ടെക്നിക്കിൽ അധ്യയനം ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടി ക്രമങ്ങൾ പൂർത്തിയാക്കാനുണ്ട്;വിശദമാക്കാമോ | (എ) (ബി) & (സി) 09.10.2019 ലെ സ.ഉ (കൈ) നം. 307/2019/റവ പ്രകാരം നടുവിൽ ടെക്നിക്കൽ സ്കൂളിൻെറ കൈവശമുള്ള 7.52 ഏക്കർ ഭൂമിയിൽ നിന്നും 5 ഏക്കർ സ്ഥലം കൈമാറാൻ വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദേശം നല്കി റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഒന്നാം വർഷ ക്ളാസ്സുകൾ ആരംഭിക്കുന്നതിന് AICTE യുടെ നിലവിലെ മാനദണ്ഡങ്ങൾക്കനുസരിച്ച് 500 ചതുരശ്രമീറ്റർ കെട്ടിടത്തിൻെറ അഭാവമുണ്ട്. എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിൻെറ ഇലക്ട്രിക്കൽ വയറിങ് നടത്തുന്നതിനായി 3,67,820/-(മൂന്ന് ലക്ഷത്തി അറുപത്തിയേഴായിരത്തി എണ്ണൂറ്റി ഇരുപത് രൂപ മാത്രം ) യുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. കൂടാതെ നടുവിൽ പോളിടെക്ക്നിക്കിന് കൈവശാവകാശം ലഭിക്കുന്നതിന്, വിട്ടുനൽകിയ സ്ഥലത്ത് ടെക്ക്നിക്കൽ സ്കൂളിന് വേണ്ടി പണികഴിപ്പിച്ച കെട്ടിടത്തിൻറെ വിവിധമുറികളുടെ |
| ബി) | എ.ഐ.സി.റ്റി.ഇ യുടെ അംഗീകാരം ലഭിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ; | |
| (സി) | അടുത്ത അധ്യയന വർഷം ക്ലാസ്സുകൾ ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ അറിയിക്കാമോ? | |

| | | | |
|---|---|---|---|
| | | | ഇടച്ചുമരുകൾ നീക്കം ചെയ്ത് AICTE മാനദണ്ഡമനുസരിച്ച് പോളിടെക്ക്നിക്കിനാവശ്യമായ രീതിയിൽ മുറികൾ പുനർനിർമ്മിക്കേണ്ടതുണ്ട്. കൂടാതെ റാമ്പുകൾ, ടോയിലറ്റ് ബ്ളോക്കുകൾ (ആൺകുട്ടികൾ, പെൺകുട്ടികൾ, ഭിന്നശേഷിയുള്ളവർ) എന്നിവ നിർമ്മിക്കുക, ഫയർ & സേഫ്റ്റി സൗകര്യമൊരുക്കുക, ചുറ്റുമതിൽ നിർമ്മിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങൾ കൂടി പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിനാവശ്യമുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനായി PWD എക്സിക്യൂട്ടിവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| | | | പോളിടെക്ക്നിക്കിനാവശ്യമുള്ള വിവിധ ക്ലാസ്സ് റൂം/ലാബ് ഫർണീച്ചറുകൾ വാങ്ങി നടുവിൽ ടെക്ക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ പോളിടെക്ക്നിക് കോളേജിന്റെ കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുണ്ട്. 25 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് 9,76,250/- (ഒൻപത് ലക്ഷത്തി എഴുപത്തിയാറായിരത്തി ഇരുന്നൂറ്റി അൻപത് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. വിവിധ മെഷീനറികൾ, പുസ്തകങ്ങൾ, ഫർണീച്ചറുകൾ എന്നിവ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചെങ്കിലും ഇതുവരെയും സ്ഥലം കൈമാറാത്തതിനാൽ വിതരണാനുമതി നൽകിയിട്ടില്ല. 2016 മുതൽ ഈ സ്ഥാപനത്തിനായി AICTE അംഗീകാരം നേടുന്നതിന് അപേക്ഷിക്കുന്നുണ്ടെങ്കിലും |

മേൽപരാമർശിച്ച കുറവുകൾ കാരണം അംഗീകാരം ലഭ്യമായിട്ടില്ല. മേൽ പരാമർശിച്ച മുഴുവൻ ഭൗതിക സാഹചര്യങ്ങളും സമയബന്ധിതമായി നടപ്പിലാക്കി AICTE അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ക്ലാസ്സുകൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

Manoj M

സെക്ഷൻ ഓഫീസർ